LIBRARY ARCHIVES Kerala Legislative Assembly

## മാവൂരിനെ റൂറൽ ഏരിയയായി പ്രഖ്യാപിക്കുന്നതിന് നടപടി

139 [T2571] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമ പഞ്ചായത്തിനെ റൂറൽ ഏരിയ ആയി പ്രഖ്യാപിച്ച് ഈ ഭാഗത്തെ ടെലിഫോൺ വരിക്കാരിൽ നിന്നും ഈടാക്കുന്ന അധിക വാടക കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എന്തെങ്കിലും പരാതി 2004-ൽ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ—സി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ മാവൂർ ഏരിയ ഡവലപ്പ്മെന്റ് ആക്ഷൻ സൊസൈറ്റിയിൽ നിന്നുമാണ് പരാതി ലഭിച്ചിട്ടുള്ളത്. 1-5-2002 മുതൽ വർദ്ധിപ്പിച്ച ടെലിഫോൺ വാടക ബി.എസ്.എൻ.എൽ. വാങ്ങുന്നതു സംബന്ധിച്ചാണ് പരാതി. ഒരു പ്രദേശത്തെ ഗ്രാമ/നഗര പ്രദേശമായി ക്ലാസിഫൈ ചെയ്യുന്നതിന് ഭാരത സർക്കാർ സെൻസസ് മാനദണ്ഡമാണ് ബി.എസ്.എൻ.എൽ. ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം സ്വീകരിച്ചിട്ടുള്ളത്. 2001-ലെ സെൻസസ് പ്രകാരം കോഴിക്കോട് ജില്ലയിലെ മാവൂർ നഗര പ്രദേശമായാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. തന്മൂലമാണ് നഗര പ്രദേശത്തെ ടെലിഫോൺ വാടക മാവൂർ പ്രദേശത്തെ ആൾക്കാരിൽ നിന്നും ഈടാക്കുന്നത്. അതിനാൽ പ്രസ്തുത പരാതിയിൽ പ്രത്യേക നടപടികൾ ആവശ്യമില്ല. കൂടാതെ ബഹു. ഹൈക്കോടതിയും ടെലിഫോൺ വാടക സംബന്ധിച്ച് മാനദണ്ഡം നിശ്ചയിക്കാൻ സെൻസസ് റിപ്പോർട്ടിനെ ആശ്രയിക്കുന്ന ഭാരത സർക്കാർ നടപടിയെ അംഗീകരിക്കുകയാണു ചെയ്തിട്ടുള്ളത്.

## ജലസേചന പദ്ധതികളുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ നടപടി

140 [2572] ശ്രീ. കെ. രാധാകൃഷ്ണൻ :
,, പിരപ്പൻകോട് മുരളി :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ നിർമ്മാണത്തിൽ അസാധാരണമായ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസവും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങളിലെ വീഴ്ചകളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പത്താം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതികളുടെ ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ;

(ഡി) ഒൻപതാം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ കഴിയാതെപോയ പദ്ധതികൾ ഏതൊക്കെയെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ട് ലഭ്യമാക്കൽ, ലാന്റ് അക്വിസിഷൻ ത്വരിതപ്പെടുത്തൽ, വനഭൂമി ലഭ്യമാക്കൽ എന്നിവയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. കാരാപ്പുഴ പദ്ധതിയുടെ ഡാം പ്ളഗ് ചെയ്ത് ജലസംഭരണം തുടങ്ങി. ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാലിന്റെ പണി പൂർത്തിയായി. റഗുലേറ്റർ-കം-ബ്രിഡ്ജ് തൃത്താലയുടെ 91% പണികൾ പൂർത്തിയായിട്ടുണ്ട്. ഇടമലയാർ പദ്ധതിയുടെ മെയിൻ കനാൽ നിർമ്മാണം പുരോഗമിക്കുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാൽ പൂർണ്ണമായും പൂർത്തിയായി. മറ്റു പണികൾ പുരോഗമിക്കുന്നു.

(ഡി) ഒൻപതാം പദ്ധതിക്കാലത്ത് പദ്ധതികൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നില്ല.

ജലസംഭരണികളിലെ മത്സ്യകൃഷി പദ്ധതികൾ

141 [2573] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എ. സി. മൊയ്തീൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
,, പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിപുലമായ ജലകൃഷി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രഖ്യാപനത്തെ തുടർന്ന് ആവിഷ്ക്കരിക്കപ്പെട്ടതും നടപ്പിൽ വരുത്തിയിട്ടുള്ളതുമായ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(സി) മത്സ്യം, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, കക്ക, ചിപ്പി മുതലായവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വല്ല പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly